I. ഇ.ബി. XV1-കേരള നിയമസഭ/I-8

# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2026 ജൂൺ 22, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ചരമോപചാരം

സലിം കുമാറിന്റെ നിര്യാണം

ചലച്ചിത്ര നടൻ സലിം കുമാറിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പകർച്ചവ്യാധി വ്യാപനം

മി. സ്പീക്കർ: കോഴിക്കോട് മെഡിക്കൽ കോളേജിൽ ഷിഗല്ല ബാധിച്ച് രണ്ടാം ക്ലാസ് വിദ്യാർഥി മരണപ്പെട്ടതും നിപ, എബോള, കുരങ്ങുപനി, മലേറിയ എന്നിവ പടർന്നുപിടിച്ച് മരണങ്ങൾ വർധിക്കുന്നതും മഴക്കാലപൂർവ ശുചീകരണം നടത്താത്തതിനാൽ പകർച്ചപ്പനി വ്യാപിക്കുന്നതുമായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ പി. എ. മുഹമ്മദ് റിയാസ്, ജി. ആർ. അനിൽ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സംസ്ഥാനത്ത് പകർച്ചവ്യാധികൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ബന്ധപ്പെട്ട

എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങളും നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗുരുതര രോഗം ബാധിക്കുന്നവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നതോടൊപ്പം പ്രതിദിന നിരീക്ഷണവും മാനസികാരോഗ്യ പിന്തുണയും ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിനായി ഉറവിട മാലിന്യ നശീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ട് വിദ്യാലയങ്ങളിലും സർക്കാർ ഓഫീസുകളിലും വീടുകളിലും ഡ്രൈ ഡേ ആചരിക്കുന്നതിനുള്ള കലണ്ടർ പുറത്തിറക്കിയിട്ടുണ്ട്. കൊതുകുകളുടെ പ്രജനന കേന്ദ്രങ്ങൾ ഇല്ലാതാക്കുന്നതിനും വീടുകൾ സന്ദർശിച്ച് ബോധവൽക്കരണം നൽകുന്നതിനും ജലജന്യ രോഗങ്ങൾ തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആഹാരസാധനങ്ങളും പാനീയങ്ങളും വിതരണംചെയ്യുന്ന സ്ഥലങ്ങളിൽ ഭക്ഷ്യ-ആരോഗ്യ വകുപ്പുകൾ ചേർന്ന് പരിശോധന ശക്തമാക്കിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമാക്കാൻ സർക്കാർ-സ്വകാര്യ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന-ജില്ലാതലങ്ങളിൽ ഔട്ട്ബ്രേക്ക് മോണിറ്ററിങ് യൂണിറ്റുകളും ആക്ഷൻ കമ്മിറ്റികളും രൂപീകരിച്ച് രോഗനിരീക്ഷണ-സ്ഥിരീകരണ സംവിധാനങ്ങൾ ശക്തമാക്കും. പകർച്ചവ്യാധികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ആരോഗ്യ മേഖലയെ സമഗ്രമായി നവീകരിക്കുന്നതിനുമായി 'കായകൽപ്പം' പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദഗ്ധ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനും മരുന്നുകളുടെയും ജീവൻരക്ഷാ ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിനും മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: ആരോഗ്യ മേഖലയിലെ കേരള മോഡൽ കൈവിടുന്ന പ്രവർത്തനങ്ങൾ ദൂരവ്യാപക പ്രത്യാഘാതങ്ങൾക്കിടയാക്കും. പകർച്ചവ്യാധി വ്യാപനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും വിരുദ്ധാഭിപ്രായമാണ് പ്രകടിപ്പിക്കുന്നത്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോൾ സർക്കാർ ഉത്തരവാദിത്വത്തിൽനിന്നും ഒളിച്ചോടുകയാണ്. നിപ ബാധിത ജില്ല ഉൾപ്പെടെ മലബാറിലെ നാല് ജില്ലകളിൽ മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതും പി.എസ്.സി.-ൽനിന്നും നിയമനശിപാർശ ലഭ്യമായ ഡോക്ടർമാർക്കുപോലും നിയമന ഉത്തരവ് നൽകാത്തതും അപലപനീയമാണ്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും മുൻകരുതലുകളും കൈക്കൊള്ളാതിരുന്നത് സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. എലിപ്പനി, ഡെങ്കിപ്പനി എന്നിവ അതിവേഗം വ്യാപിക്കുകയും രോഗബാധിതരുടെയും മരണപ്പെടുന്നവരുടെയും എണ്ണം വർധിക്കുകയും ചെയ്തിരിക്കുകയാണ്. ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ ഏകോപനമില്ലായ്മ മുഖ്യമന്ത്രി ഇടപെട്ട് പരിഹരിക്കണം. ചികിത്സാപ്പിഴവുകൾ തുടർക്കഥയാകുകയാണ്. ലോകം അംഗീകരിച്ച കേരളത്തിന്റെ ആരോഗ്യ ജാഗ്രതാ കലണ്ടർ പിൻതുടരാത്ത ആരോഗ്യ വകുപ്പിന്റെ വൈരനിര്യാതനബുദ്ധി ചർച്ച ചെയ്യപ്പെടേണ്ടതാണ്. അവശ്യ മരുന്നുകളും പ്രതിരോധ സാമഗ്രികളും മുൻകൂട്ടി ശേഖരിക്കണം. ജനങ്ങളെയും ജനപ്രതിനിധികളെയും വിശ്വാസത്തിലെടുത്തുകൊണ്ട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കണം. പകർച്ചവ്യാധി നിയന്ത്രിക്കുന്നതിൽ ഈ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): പ്രതിപക്ഷം ഉന്നയിച്ചതുപോലെയുള്ള ഭീകരമായ അന്തരീക്ഷം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല.

പകർച്ചവ്യാധികൾ റിപ്പോർട്ടുചെയ്യപ്പെട്ടാൽ ഉടൻതന്നെ ഇടപെടുകയും പ്രതിരോധ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. നിപ ബാധിച്ച രോഗിയുടെ ആരോഗ്യസ്ഥിതിയിൽ പുരോഗതിയുണ്ട്. നിപ രോഗിക്ക് നൽകാനുള്ള മരുന്ന് വിദേശത്തുനിന്നും 24 മണിക്കൂറിനുള്ളിൽ സംസ്ഥാനത്ത് എത്തിക്കാനും ദ്രുതഗതിയിൽ പരിശോധനകൾ നടത്തിയതിനാൽ രോഗവ്യാപനം ഫലപ്രദമായി തടയാനും സാധിച്ചിട്ടുണ്ട്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങാതിരുന്നതും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താതിരുന്നതും മുൻ സർക്കാരിന്റെ വീഴ്ചയാണ്. അഞ്ച് ജില്ലകളിൽ ഡി.എം.ഒ. തസ്തികയിലേക്ക് ചാർജ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) <u>റാന്നി നിയോജകമണ്ഡലത്തിലെ വന്യജീവി ശല്യം</u>

<u>ശ്രീ. പഴകുളം മധു</u>: വന്യജീവിശല്യം കാരണം റാന്നി നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രസ്തുത പ്രദേശത്തെ കൃഷി പൂർണ്ണമായും നശിച്ചിരിക്കുകയാണ്. വനാതിർത്തിയിൽ താമസിക്കുന്നവർക്ക് ഗൺ ലൈസൻസ് അനുവദിക്കണം. വടശ്ശേരിക്കരയിൽ സാറ്റലൈറ്റ് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കാനും രാത്രികാല

നിരീക്ഷണം ശക്തിപ്പെടുത്താനും വനപാലകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കാനും അവർക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകാനും നടപടി സ്വീകരിക്കണം. വനം വകുപ്പിനുള്ള ബജറ്റ് വിഹിതം വർധിപ്പിക്കണം. വനത്തിന്റെ ക്യാരിയിങ് കപ്പാസിറ്റി സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി വന്യമൃഗ-വനഭൂമി സന്തുലിതാവസ്ഥ വിലയിരുത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): റാന്നി നിയോജകമണ്ഡലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആർ.ആർ.ടി.-യും ഒളികല്ല്, കുമ്പളത്താമൺ, മുക്കുഴി മേഖലകളിൽ സാറ്റലൈറ്റ് ആർ.ആർ.ടി.-കളും പ്രവർത്തിക്കുന്നുണ്ട്. വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായി ആവശ്യാനുസരണം സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ നിയോഗിക്കാറുണ്ട്. വടശ്ശേരിക്കര മേഖലയിൽ സ്ഥിരമായി നാട്ടിലിറങ്ങിയിരുന്ന ആനകളെ തുരത്തിയിട്ടുണ്ട്. വനത്തിന്റെ കാരിയിങ് കപ്പാസിറ്റി ശാസ്ത്രീയമായി വിലയിരുത്തുന്നതിനുള്ള പഠനം നടത്താൻ ഡെറാഡൂൺ ആസ്ഥാനമായ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരെ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരായി പ്രഖ്യാപിച്ച് പ്രത്യേക അധികാരങ്ങൾ നൽകി അവരുടെ കീഴിൽ ഷാർപ്പ് ഷൂട്ടർമാരെ എൻലിസ്റ്റ് ചെയ്ത് കാട്ടുപന്നികളെ കൊല്ലാനുള്ള അനുമതി നൽകിയിട്ടുണ്ട്. വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുമായി നിലവിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാണ്. സമഗ്ര വന നയം രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

(2) തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ

ശ്രീ. എൻ. കെ. അക്ബർ: കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങൾ റദ്ദാക്കിയാണ് നാല് ലേബർ കോഡുകൾ നടപ്പാക്കിയത്. വേജസ് കോഡിൽ മിനിമം വേതനത്തിനുശേഷം

ഫ്ലോർ വേജുകൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. തൊഴിൽ ഇൻസ്പെക്ടർമാരുടെ പരിശോധനാ അധികാരം ദുർബലപ്പെടുത്തി ഫെസിലിറ്റേറ്റർമാരാക്കിയത് തൊഴിലാളികളുടെ അവകാശ സംരക്ഷണത്തെ ബാധിക്കും. ഷെഡ്യൂൾഡ് ഇൻഡസ്ട്രി വിഭാഗീകരണം ഒഴിവാക്കിയതിലൂടെ വൻകിട വ്യവസായ സ്ഥാപനങ്ങളും മിനിമം വേതനം നൽകിയാൽ മതിയെന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിലൂടെ ട്രേഡ് യൂണിയനുകളുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുകയും സമരങ്ങൾക്കും പണിമുടക്കുകൾക്കും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒക്കുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആൻഡ് വർക്കിങ് കണ്ടീഷൻസ് കോഡ് എട്ട് മണിക്കൂർ ജോലി സമയമെന്ന വ്യവസ്ഥ ദുർബലപ്പെടുത്തുന്നതും സോഷ്യൽ സെക്യൂരിറ്റി കോഡ് തൊഴിലാളികളുടെ നിലവിലുള്ള ക്ഷേമപദ്ധതികളും സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളും ദുർബലപ്പെടുത്തുന്നതുമാണ്. ജസ്റ്റിസ് വി. ഗോപാല ഗൗഡ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കി തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുകയും ഈ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): രണ്ടാം ദേശീയ തൊഴിൽ കമ്മിഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുകയും നാല് തൊഴിൽ കോഡുകളിൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. വേജ് കോഡിലും ഒ.എസ്.എച്ച്. കോഡിലും സോഷ്യൽ സെക്യൂരിറ്റി കോഡിലും ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിലും കേരള സർക്കാർ കരട് റൂളുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ

മനസ്സിലാക്കി പരിഹാരമാർഗങ്ങൾ നിർദേശിക്കാനായി രൂപീകരിച്ച റിട്ടയേർഡ് ജസ്റ്റിസ് വി. ഗോപാല ഗൗഡ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ട്രേഡ് യൂണിയൻ പ്രതിനിധികളും നിയമവിദഗ്ധരുമുൾപ്പെടെയുള്ളവരുടെ അഭിപ്രായവും നിർദേശവും ലഭ്യമാകുകയും ചെയ്തതിനുശേഷം മാത്രമേ കേരള സർക്കാർ ലേബർ കോഡുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്.

## IV സബ്മിഷൻ

### (1) പോലീസ് മർദനം

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് നിയോജകമണ്ഡലത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന രേഷ് ബാബു എന്ന യുവാവ് പോലീസിന്റെ ക്രൂരമർദനത്തിനിരയായി മരണപ്പെട്ട സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർധന കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): രേഷ് ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് വിയ്യൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തൃശ്ശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി, മധ്യമേഖലാ ഡി.ഐ.ജി. എന്നിവർ ജയിൽ സന്ദർശിച്ച് സഹതടവുകാരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. രേഷ് ബാബുവിന്റെ പിതാവിന്റെ പരാതിയിന്മേൽ തുടരന്വേഷണത്തിന് തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്. ജയിലിൽവച്ച് മർദനമുണ്ടായിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(2) തോട്ടപ്പള്ളി സ്പിൽവേ നിർമ്മാണം

ശ്രീ. ജി. സുധാകരൻ: തോട്ടപ്പള്ളി സ്പിൽവേയിലെ കാലപ്പഴക്കംചെന്ന ഷട്ടറുകൾ മാറ്റുന്നതിനും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ സ്പിൽവേ പണിയുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. നിലവിലുള്ള ഷട്ടറിന്റെ ഉയരം അമ്പത് സെന്റീമീറ്റർ വർധിപ്പിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി പതിനാറ് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികളുടെ വ്യതിയാനം കാരണവും പുതുക്കിയ ഡി.എസ്.ആർ. പ്രകാരവും ഭരണാനുമതി തുക 23.6 കോടി രൂപയായി കണക്കാക്കിയിരിക്കുകയാണ്. സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കണമെന്നും ജനറേറ്റർ റൂമിനുള്ള സ്ഥലം കണ്ടെത്തി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പുതിയ സ്പിൽവേ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(3) മഞ്ചേശ്വരം മണ്ഡലത്തിലെ തീരപ്രദേശങ്ങളുടെ സംരക്ഷണം

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കർണ്ണാടക അതിർത്തി മുതൽ മൊഗ്രാൽ വരെയുള്ള തീരപ്രദേശങ്ങളിലെ അതിരൂക്ഷമായ കടൽക്ഷോഭത്തിന് പരിഹാരം കാണാൻ പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനും കടലാക്രമണത്തിൽ വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി

കുടുംബങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കർണ്ണാടക അതിർത്തി മുതൽ മൊഗ്രാൽ വരെയുള്ള തീരപ്രദേശങ്ങളിലെ കടൽക്ഷോഭം രൂക്ഷമായ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ച് താൽക്കാലിക കടൽഭിത്തി നിർമ്മിക്കുന്നതിനും മറ്റ് സ്ഥലങ്ങളിൽ കരിങ്കല്ല് ഡമ്പിങ് മുഖേനയും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ പുതുക്കിയ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയുകയുള്ളൂ. എൻ.സി.സി.ആർ. തയ്യാറാക്കിയ ഷോർലൈൻ മാനേജ്മെന്റ് പ്ലാനിന്റെ അന്തിമ റിപ്പോർട്ടിന് കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കടൽത്തീരങ്ങൾക്ക് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകുന്നതാണ്. മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി കടലോര സംരക്ഷണത്തിനുള്ള അനുബന്ധ സ്കീം ആവിഷ്കരിക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(4) നെല്ല് സംഭരണ തുക ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. സുമേഷ് അച്ചുതൻ: നെല്ലിന്റെ സംഭരണ വില വർധിപ്പിക്കാനും വെള്ള നെല്ല് അളവുകുറച്ച് സംഭരിക്കുന്ന മില്ലുടമകളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ

പാലിച്ചാണ് നെല്ല് സംഭരണം നടത്തിവരുന്നത്. വെള്ള നെല്ല് സംഭരിക്കുന്നതിൽ ചില മില്ലുടമകൾ വിമുഖത കാണിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെള്ള/ചുവന്ന ഇനങ്ങൾ കൃഷി ചെയ്ത പാടങ്ങളെ പ്രത്യേകം രേഖപ്പെടുത്തി തുല്യതോതിൽ നെല്ല് സംഭരിക്കുന്ന വിധത്തിൽ മിൽ അലോട്ട്മെന്റ് പോർട്ടൽ മുഖേന നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. അലോട്ട്മെന്റ് ലഭിച്ച ഫീൽഡിൽനിന്ന് നെല്ല് സംഭരിക്കാതെ പിന്മാറുന്ന മില്ലുടമകളിൽനിന്നും പിഴ ഈടാക്കാനുള്ള നടപടി നടപ്പുസീസൺ മുതൽ സ്വീകരിച്ചുവരികയാണ്. സംഭരണവില വർധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) ആലുക്കൽ പാലം പുനർനിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: കുന്നംകുളം നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി പുഴയ്ക്കുകുറുകെയുള്ള ആലുക്കൽ പാലം പുനർ നിർമ്മാണത്തിന്റെ ഭാഗമായി നിർമ്മിച്ച താൽക്കാലിക ബണ്ടും റോഡും ശക്തമായ മഴയെത്തുടർന്ന് ഒലിച്ചുപോയതിനാൽ താൽക്കാലിക ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിച്ച് യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): താൽക്കാലികമായി നിർമ്മിച്ച ബണ്ടും റോഡും ഐലൻഡും പൂർണ്ണമായും തകർന്നിരിക്കുന്നതിനാൽ ഗ്രൗണ്ടിൽനിന്നും വെർട്ടിക്കൽ സപ്പോർട്ട് നൽകി പ്രവൃത്തി തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ബദൽ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(6) ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. അൻവർ സാദത്ത്: ആലുവ ബൈപ്പാസിലെ പുളിഞ്ചോട് മുതൽ പറവൂർ കവലവരെയുള്ള ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): എറണാകുളം ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ആലുവ ബൈപ്പാസിലെ ഗതാഗതക്കുരുക്ക് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗതാഗതക്കുരുക്ക് പരിഹരിക്കാനായി ബദൽ മാർഗങ്ങൾ കണ്ടെത്താനുള്ള പഠനം നടത്തുന്നതും മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

(7) തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): എറണാകുളം നിയോജകമണ്ഡലത്തിലെ തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണ പദ്ധതിക്ക് നൂറ് കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽനിന്നും 93.89 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാകുകുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം സാങ്കേതികാനുമതി നൽകുന്നതാണ്.

(8) <u>പള്ളിനട ഭാഗത്ത് അണ്ടർപാസ്</u>

<u>ശ്രീ. കെ. കെ. വൽസരാജ്</u>: ദേശീയപാത 66 കടന്നുപോകുന്ന ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ പള്ളിനട ഭാഗത്ത് അണ്ടർപാസ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ബഷീർ</u>): സംസ്ഥാനത്ത് ദേശീയപാതയുമായി ബന്ധപ്പെട്ട് പുതുതായി അണ്ടർപാസ് നിർമ്മിക്കുന്നതിന് ദേശീയപാത അതോറിറ്റിയാണ് അന്തിമ അംഗീകാരം നൽകേണ്ടത്. ദേശീയപാത 66 കടന്നുപോകുന്ന പള്ളിനട ഭാഗത്തെ പ്രധാന റോഡിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതിനാൽ അണ്ടർപാസ് നിർമ്മിക്കുന്ന കാര്യം നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രോജക്ട് പ്ലാനിലുൾപ്പെടുത്താൻ സാധിക്കില്ല. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനായി പള്ളിനടയിൽ ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നിർദേശത്തിന് ദേശീയപാത അതോറിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(9) <u>ലൈഫ് മിഷൻ പദ്ധതിപ്രകാരം കൈമാറിയ അപ്പാർട്ട്മെന്റുകളുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: കൊച്ചിയിലെ മുണ്ടംവേലിയിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം പി. ആൻഡ് ടി. കോളനി നിവാസികൾക്കായി നിർമ്മിച്ച അപ്പാർട്ട്മെന്റുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് വാസയോഗ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. ഷാജി</u>): തേവരയിലെ പി. ആൻഡ് ടി. കോളനി നിവാസികൾക്കായി ലൈഫ് മിഷൻ പദ്ധതിപ്രകാരം നവീന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച അപ്പാർട്ട്മെന്റിൽ തുടർച്ചയായി ചോർച്ചയും അനുബന്ധ തകരാറുകളും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരിഹാരം നിർദേശിക്കുന്നതിനായി

ചുമതലപ്പെടുത്തിയ ഐ.ഐ.റ്റി. മദ്രാസ് സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടം വാസയോഗ്യമല്ലെന്ന് പരാമർശിച്ചിട്ടില്ല. 110 കെ.വി. ലൈനിൽനിന്നും നിർദിഷ്ട അകലം പാലിക്കുന്നില്ലെന്ന് കാണിച്ച് കെ.എസ്.ഇ.ബി. ലൈൻ മെയിന്റനൻസ് സെക്ഷനിൽനിന്നും വിശാല കൊച്ചി വികസന അതോറിറ്റിക്ക് നോട്ടീസ് ലഭിച്ചിരുന്നെങ്കിലും എല്ലാ അനുമതികളും എൻ.ഒ.സി.-യും ലഭ്യമാക്കിയതിനുശേഷമാണ് കൊച്ചി നഗരസഭ ഒക്കുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത്. അതിനുശേഷം യാതൊരുവിധ കൂട്ടിച്ചേർക്കലുകളും കെട്ടിടത്തിൽ നടത്തിയിട്ടില്ല. ഐ.ഐ.റ്റി. മദ്രാസ് നൽകിയ റിപ്പോർട്ടിൽ പരാമർശിച്ച പരിഹാരമാർഗങ്ങൾ നടപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സമർപ്പിച്ച കത്തിന്റെയും ഐ.ഐ.റ്റി. മദ്രാസിന്റെ പുതുക്കിയ അന്തിമ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് അടിയന്തര തുടർനടപടി സ്വീകരിച്ച് വീടുകൾ വാസയോഗ്യമാക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും.

(10) <u>ഫിഫ ഫുട്ബോൾ പ്രദർശന മത്സരത്തിന് ലൈസൻസ് ഫീസ്</u>

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: ഫിഫ ലോകകപ്പ് ഫുട്ബോൾ മത്സരം പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് ഏർപ്പെടുത്തിയ ലൈസൻസ് ഫീസ് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ജെ. ജനീഷ്</u>): ഫിഫ ലോകകപ്പ് മത്സരത്തിന്റെ സംപ്രേഷണ അവകാശവുമായി ബന്ധപ്പെട്ട് ഫിഫയും സീ എന്റർടൈൻമെന്റ് എന്റർപ്രൈസസ് ലിമിറ്റഡും തമ്മിലുള്ള കരാറിൽ സംസ്ഥാന സർക്കാർ പങ്കാളിയല്ല. വാണിജ്യ സ്ഥാപനങ്ങൾ, മാളുകൾ എന്നിവ

കച്ചവടതാൽപര്യത്തിനായി ചെയ്യുന്ന ലൈവ് സ്ക്രീമിങ്ങും കായിക പ്രേമികൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ സൗജന്യമായി നടത്തുന്ന ലൈവ് സ്ക്രീമിങ്ങും രണ്ടായാണ് സർക്കാർ കാണുന്നത്. പൊതുസ്ഥലങ്ങളിലെ സൗജന്യ ലൈവ് പ്രദർശനത്തിന് തടസ്സമുണ്ടാകുമെന്നുള്ള ആശങ്ക പരിഹരിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്താൻ കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പൊതുസ്ഥലങ്ങളിൽ ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ സൗജന്യമായി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് ഫിഫയുടെ അനുവാദം ലഭിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കും.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI ക്രമപ്രശ്നം

ബജറ്റ് രേഖയിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ബാലഗോപാൽ: നികുതി ഇളവുകൾ അനുവദിക്കുന്നതിനെത്തുടർന്ന് ഉണ്ടാകുന്ന ബാധ്യത, പുതിയ നികുതി ചുമത്തുമ്പോൾ ലഭിക്കേണ്ട അധിക നികുതി വരുമാനം എന്നിവ സംബന്ധിച്ച് 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടില്ല. ഇത് സഭയിൽ സമർപ്പിച്ച രേഖയുടെ ഔചിത്യത്തെയും പൂർണ്ണതയെയും ബാധിക്കുമെന്നതിനാൽ ബജറ്റിന്മേലുള്ള തുടർനടപടികൾ പരിഗണിക്കുന്നതിനുമുമ്പ് പുതുക്കിയ എസ്റ്റിമേറ്റ് പട്ടികയുടെ യഥാർത്ഥവും പൂർണ്ണവുമായ രൂപം

ലഭ്യമാക്കുന്നതിന് സപ്ലിമെന്ററി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ സർക്കാരിന് നിർദേശം നൽകണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിലെ ടൈയിൽ അധിക നികുതി വരുമാനത്തെയോ നികുതി ഇളവുകളെയോ സംബന്ധിച്ച് പ്രതിപാദിച്ചിരുന്നില്ല. അതിനാൽ 2026-27-ലെ പുതുക്കിയ ബജറ്റിലെ ടൈയിലും ഇത് ഉൾക്കൊള്ളിച്ചിട്ടില്ല. ടൈ ചെയ്യാൻ സാധിക്കാത്തവ ഒഴികെ ബജറ്റിനോടൊപ്പം സമർപ്പിക്കേണ്ട എല്ലാ അനുബന്ധ രേഖകളും സഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**റൂളിങ്**

മി. സ്പീക്കർ: 2026-27 സാമ്പത്തിക വർഷം അവതരിപ്പിച്ച ബജറ്റിന്റെ ടൈയിൽ അധിക നികുതി വരുമാനത്തെയോ ഇളവുകളെയോ സംബന്ധിച്ച് പ്രതിപാദിക്കാത്തതിനാൽ 2026-27-ലെ പുതുക്കിയ ബജറ്റിലെ ടൈയിലും ഇവ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ള മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു അനുബന്ധ പ്രസ്താവനയുടെ ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VII ധനകാര്യം

### 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബജറ്റിനെ അനുകൂലിക്കുന്നു. നികുതി ഭാരം വർധിപ്പിക്കാതെ സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കാനുള്ള സമഗ്രവും നയപരവുമായ നിർദേശങ്ങളാണ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആശാവർക്കർമാർക്ക് ഓണറേറിയം വർധിപ്പിച്ചതും കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചതും വയോജന ക്ഷേമ വകുപ്പ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. ലഹരി ലഭ്യതയും വ്യാപനവും തടയുന്നതിനായി ആരംഭിച്ച ഓപ്പറേഷൻ തൂഫാൻ പദ്ധതി ശക്തമായി തുടരണം. മിഷൻ സമുദ്ര

നടപ്പിലാക്കുമെന്നും എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക് സ്ഥാപിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടികവർഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുമെന്നും തൊഴിലില്ലായ്മയും ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയും പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമെന്നും റാഗിങ് തടയാനായി Sidharthan Anti Ragging & Student Welfare Act നടപ്പാക്കുമെന്നുമുള്ള പ്രഖ്യാപനം പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിക്കാനും പ്രത്യേക ഭവന പദ്ധതി നടപ്പാക്കാനുമുള്ള തീരുമാനം ആശാവഹമാണ്. ആരോഗ്യ രംഗത്ത് സമഗ്ര മാറ്റം ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത് സമൂഹത്തിന് ഗുണപരമായ മാറ്റങ്ങളുണ്ടാക്കും. റബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിക്കാനും നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനും നാളികേര സംഭരണ കേന്ദ്രങ്ങൾ വർധിപ്പിക്കാനും സ്ത്രീകൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി നടപ്പിലാക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. അരൂർ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറത്ത് പ്രവർത്തിക്കുന്ന ഇൻഫോപാർക്കിനെ മികച്ച ഐ.ടി. പാർക്കായി വികസിപ്പിക്കാനും മലബാർ സിമന്റ്സ് പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിക്കണം. കൊച്ചി വാട്ടർ മെട്രോ, മെട്രോ റെയിൽ സർവീസുകൾ അരൂരിലേക്ക് ദീർഘിപ്പിക്കണം. അരൂരിനെ സീഫുഡ് എക്സ്പോർട്ട് ഹബ്ബായി പ്രഖ്യാപിക്കാനും അരൂരിലെ ദ്വീപുകളെയും തുരുത്തുകളെയും കൂട്ടിയിണക്കി ഇക്കോ ടൂറിസം പ്രോജക്ട് നടപ്പാക്കാനും നടപടി സ്വീകരിക്കണം. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി ഉല്പാദിപ്പിക്കുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റക്ക് വിപണി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അരൂർ നിയോജകമണ്ഡലത്തിൽ എയിംസ് സ്ഥാപിക്കുന്നതിന്

പള്ളിപ്പുറം പഞ്ചായത്തിലെ വ്യവസായ പാർക്കിന് സമീപമുള്ള സർക്കാർ ഭൂമി വിനിയോഗിക്കണമെന്ന് നിർദേശം നൽകണം. അരൂരിൽ കെ. ആർ. ഗൗരിയമ്മ സ്മാരകം നിർമ്മിക്കുന്നതിനും ബസ് സ്റ്റാൻഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധക്ഷണിക്കലും സബ്മിഷനും അവതരിപ്പിക്കാനുള്ള അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന് പുതിയ ദിശാബോധം നൽകുന്ന ബജറ്റാണിത്. സംസ്ഥാനം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനുള്ള നടപടികൾക്കാണ് ബജറ്റിൽ ഊന്നൽ നൽകിയിട്ടുള്ളത്. യാഥാർഥ്യബോധമില്ലാത്തതും ജനങ്ങളെ കബളിപ്പിക്കുന്നതും ധനസ്ഥിതി മറച്ചുവയ്ക്കുന്നതുമായ കാര്യങ്ങളാണ് മുൻ സർക്കാർ പ്രചരിപ്പിച്ചത്. ഇന്ദിരാ ഗ്യാരന്റി പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചതും അങ്കണവാടി ജീവനക്കാർ, ആശാ വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ എന്നിവരുടെ വേതനം വർധിപ്പിച്ചതും അഭിനന്ദനാർഹമാണ്. 25 ലക്ഷം രൂപയുടെ സൗജന്യ പരിരക്ഷ നൽകുന്ന ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചത് ശ്ലാഘനീയമാണ്. പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം വർധിപ്പിക്കാനും കാൻസർ രോഗികൾക്ക് നൽകിയിരുന്ന പ്രതിമാസ ധനസഹായ കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. മൂവാറ്റുപുഴ ആസ്ഥാനമാക്കി പുതിയ ജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: ബജറ്റിനെ എതിർക്കുന്നു. ഈ ബജറ്റിന്റെ അടിത്തറ നവലിബറൽ പോളിസിയാണ്. നവലിബറൽ നയം നടപ്പാക്കുന്നത് വർഗീയത വളർത്തുന്നതിനും മതനിരപേക്ഷ സംസ്കാരത്തെയും നവോത്ഥാന പാരമ്പര്യത്തെയും തകർക്കുന്നതിനും ഇടയാക്കും. നവലിബറൽ സാമ്പത്തിക നയങ്ങളിലടങ്ങിയിരിക്കുന്ന

അപകടം തിരിച്ചറിയാൻ സാധിക്കണം. കേന്ദ്ര നയങ്ങൾക്കെതിരെ മൗനം പാലിക്കുന്ന നടപടി അപലപനീയമാണ്. സ്വകാര്യവൽക്കരണവും ജനക്ഷേമപ്രവർത്തനങ്ങളിൽനിന്നുള്ള പിൻമാറ്റവും കിഫ്ബി പദ്ധതിയെ ഒഴിവാക്കലും ജനരോഷത്തിന് ഇടയാക്കുമെന്നതിൽ സംശയമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്നതിനുള്ള മിഷൻ സമുദ്ര ഈ സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായി ചരിത്രം അടയാളപ്പെടുത്തും. കിഫ്ബി പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനമില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിന് ഭൂമി ലഭ്യമാക്കുന്നതിനായി രണ്ടാം ഭൂപരിഷ്കരണം നടപ്പാക്കുമെന്ന ബജറ്റ് പ്രഖ്യാപനം ശ്ലാഘനീയമാണ്. പ്രവാസികളുടെ മക്കൾക്കായി റെസിഡൻഷ്യൽ സ്കൂളുകളും വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാനായി പെയ്ഡ് ഹോസ്റ്റലുകളും ഏർപ്പെടുത്തുന്നതിലൂടെ കേരളത്തിൽ നിക്ഷേപം നടത്താൻ കൂടുതൽ പ്രവാസികൾ തയ്യാറാകും. ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസിന്റെ പ്രാരംഭ നടപടികൾക്കായി 20 കോടി രൂപ അധികമായി അനുവദിക്കണം. ലഹരി മാഫിയയ്ക്കെതിരായ ഓപ്പറേഷൻ തൂഫാൻ പദ്ധതി സർക്കാരിന്റെ ഇച്ഛാശക്തിക്കുള്ള തെളിവാണ്.

ശ്രീ. ജി. ആർ. അനിൽ: ബജറ്റിനെ എതിർക്കുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി കുത്തകമുതലാളിമാർക്ക് തീറെഴുതി നൽകാനാണ് രണ്ടാം ഭൂപരിഷ്കരണം കൊണ്ടുവരുന്നതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. കരിമണൽ ഉൾപ്പെടെയുള്ള ധാതുസമ്പത്ത് സ്വകാര്യ കമ്പനികൾക്ക് നൽകാനുള്ള തന്ത്രമാണ് സതേൺ കേരള

ഇക്കണോമിക് കോറിഡോർ. നെല്ലിന്റെ സംഭരണ വില ഉയർത്താത്ത നിലപാടിനോട് യോജിക്കാൻ കഴിയില്ല. രണ്ട് വർഷത്തിനുള്ളിൽ കേരളത്തെ തുറമുഖ നഗരമാക്കി ലോക മാരിടൈം ഭൂപടത്തിൽ അടയാളപ്പെടുത്തുമെന്നത് മോഹനവാഗ്ദാനം മാത്രമായി അവശേഷിക്കും. സപ്ലൈകോയ്ക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക നേടിയെടുക്കാൻ നടപടി സ്വീകരിക്കുമെന്നുള്ള പ്രഖ്യാപനം മാത്രമാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പിനെ സംബന്ധിച്ചുള്ളത്.

<u>ശ്രീ. വർഗ്ഗീസ് മാമ്മൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. തിരുവല്ല പബ്ലിക് സ്റ്റേഡിയം വികസനത്തിനും വ്യവസായ വകുപ്പിനുകീഴിലുള്ള പുളിക്കീഴ് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിന്റെ ഉടമസ്ഥതയിൽ തരിശായി കിടക്കുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാനും തുക വകയിരുത്തിയ നടപടി അഭിനന്ദനാർഹമാണ്. ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മല്ലപ്പള്ളി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ തുക അനുവദിക്കാനും മല്ലപ്പള്ളി-ആനിക്കാട്-കോട്ടാങ്ങൽ ശുദ്ധജല പദ്ധതി പൂർത്തീകരിക്കാനും തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ്, തിരുവല്ല-പന്നായി-തേവേര് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക അനുവദിക്കാനും നടപടി സ്വീകരിക്കണം. പുരാതന ക്ഷേത്രങ്ങളെ സംരക്ഷിക്കുന്നതിനും പൈതൃകം നിലനിർത്തുന്നതിനുമുള്ള പദ്ധതിയിൽ തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തെക്കൂടി ഉൾപ്പെടുത്തണം.

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: ബജറ്റിനെ എതിർക്കുന്നു. പദ്ധതികൾ നിരത്തി പുകമറ സൃഷ്ടിക്കുന്നതും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതുമായ നിർദേശങ്ങളാണ് ബജറ്റിലുള്ളത്. പുതിയതായി രൂപീകരിച്ച വയോജനക്ഷേമ വകുപ്പിനും വൻകിട പദ്ധതികൾക്കും നീക്കിവച്ച തുക അപര്യാപ്തമാണ്. ചെലവുകൾ നിറവേറ്റുന്നതിനുള്ള തുക കണ്ടെത്തുന്നതിനുള്ള ഉറവിടം വ്യക്തമാക്കാത്തത് സംശയകരമാണ്. നികുതി കുടിശ്ശിക

പിരിച്ചെടുക്കുന്നതിനുള്ള വ്യക്തമായ മാർഗനിർദേശമില്ലാത്തതും വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വെട്ടിക്കുറച്ചതും അംഗീകരിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ സാഗർമാല പ്രോജക്ടും പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി പരിയോജന (PMBJP) പദ്ധതിക്കുകീഴിൽ നടപ്പാക്കിയ സുവിധാ സാനിറ്ററി നാപ്കിൻ പദ്ധതിയും പേരുമാറ്റി അവതരിപ്പിച്ചത് പ്രതിഷേധാർഹമാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജുൾപ്പെടെ ശോചനീയാവസ്ഥയിലുള്ള മെഡിക്കൽ കോളേജുകൾ നവീകരിക്കുന്നതിന് നടപടിയുണ്ടാകണം. ക്ഷേമ പെൻഷൻ തുക വർധിപ്പിക്കണം. കശുവണ്ടി മേഖല ശക്തിപ്പെടുത്തുന്നതിനാവശ്യമായ തുക വകയിരുത്തണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യാതൊരു നിർദേശവുമില്ലാത്തതും യുവാക്കളെയും കർഷകരെയും പാവപ്പെട്ട ജനവിഭാഗങ്ങളെയും അവഗണിക്കുകയും ചെയ്ത ബജറ്റാണിത്.

<u>ശ്രീ. ജി. സുധാകരൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സർവതലസ്പർശിയായ ഒരു ക്ലാസിക്കൽ ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞരുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന ബജറ്റാണിത്. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചത് സ്ത്രീ സമൂഹത്തോടുള്ള ആദരവിന് തെളിവാണ്. ആശാവർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും ഓണറേറിയം വർധിപ്പിച്ച നടപടി അഭിനന്ദനാർഹമാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദേശങ്ങളാണ് ബജറ്റിലുള്ളത്. അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും അനർഹമായ ലാഭമുണ്ടാക്കുന്ന കരാറുകാർക്കെതിരെയും കർശന നടപടി സ്വീകരിക്കണം. ഭരണ നിർവഹണത്തിൽ Vohra Committee റിപ്പോർട്ടിന് പരിഗണന നൽകണം. സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനുതകുന്ന ചലനാത്മകമായ ബജറ്റ് നിർദേശങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. രാജൻ ജെ. പല്ലൻ: ബജറ്റിനെ അനുകൂലിക്കുന്നു. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, മിഷൻ സമുദ്ര, തൃശ്ശൂർ ജില്ലയിലെ തേക്കിൻകാട് മൈതാനത്തിന്റെ വികസനം, ജോൺസൺ മ്യൂസിക് അക്കാദമി, ആഭരണ നിർമ്മാണ ഇടനാഴി തുടങ്ങിയ പദ്ധതികൾ സ്വാഗതാർഹമാണ്. തൃശ്ശൂരിനെ ഒരു പ്ലാൻഡ് സിറ്റിയാക്കി മാറ്റാനാവശ്യമായ പദ്ധതികളും തൃശ്ശിവപേരൂർ സ്പെഷ്യൽ പാക്കേജും അനുവദിക്കണം. എൻ.എച്ച്. 544-നെയും എൻ.എച്ച്. 66-നെയും ബന്ധിപ്പിക്കുന്ന മണ്ണുത്തി-അമല നഗർ ലിങ്ക് ബൈപ്പാസ് നിർമ്മാണം, കൊച്ചി മെട്രോ തൃശ്ശൂരിലേക്ക് ദീർഘിപ്പിക്കൽ, ലൈറ്റ് മെട്രോയുടെ സാധ്യതാപഠനം എന്നിവ നടപ്പാക്കേണ്ടതുണ്ട്. തൃശ്ശൂർ പൂരത്തിനും പുലിക്കളിക്കും പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ പ്രമുഖ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം.

ശ്രീ. രമേശ് പിഷാരടി: ബജറ്റിനെ അനുകൂലിക്കുന്നു. നെല്ല് കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുമെന്നും ടൂറിസത്തിനും ചലച്ചിത്ര മേഖലയ്ക്കും വ്യവസായ പദവി നൽകുമെന്നും അന്തരിച്ച നടൻ സലിം കുമാറിന് സ്മാരകം നിർമ്മിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. യു. ആർ. പ്രദീപ്: ബജറ്റിനെ എതിർക്കുന്നു. കേരളത്തെ പണയപ്പെടുത്തുന്ന രീതിയിലുള്ള പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. കേന്ദ്ര സർക്കാരിനെതിരെ ബജറ്റിൽ യാതൊരു പരാമർശവുമില്ലാത്തത് ഖേദകരമാണ്. ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ആശങ്ക പരിഹരിക്കണം.

ശ്രീ. റോണി കെ. ബേബി: ബജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുകയും പുതിയ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള നൂതന നിർദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. രണ്ടാം ഭൂപരിഷ്കരണമെന്ന ബജറ്റ് നിർദേശം സ്വാഗതാർഹമാണ്. 25 ലക്ഷം രൂപ ചികിത്സാ സഹായം വാഗ്ദാനം ചെയ്യുന്ന ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധതയ്ക്ക് തെളിവാണ്.

ശ്രീ. കെ. പ്രവീൺ കുമാർ: ബജറ്റിനെ അനുകൂലിക്കുന്നു. ജെൻ-Z മുതൽ വയോജനങ്ങളെ വരെ ഉൾക്കൊള്ളുന്ന വികസനോന്മുഖ ബജറ്റാണിത്. കോഴിക്കോട് ലൈറ്റ്മെട്രോ, ഐ.ടി. ഹബ്ബ്, എം.ടി സ്മാരകം, മലബാർ ഫുട്ബോൾ സ്റ്റേഡിയം എന്നിവ അഭിമാന പദ്ധതികളാണ്. ഓപ്പറേഷൻ തൂഫാൻ പദ്ധതി മാതൃകാപരമാണ്. ആരോഗ്യരംഗത്തെ പുനരുജ്ജീവിപ്പിക്കാനുള്ള ബജറ്റ് നിർദേശങ്ങൾ സ്വാഗതാർഹമാണ്. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര ആരംഭിച്ചത് പ്രശംസനീയമാണ്. കൊയിലാണ്ടിയിലെ കോടിക്കൽ തീരത്ത് ഒരു മിനി ഫിഷിങ് ഹാർബർ അനുവദിക്കണം.

ശ്രീ. ടി. എം. ശശി: ബജറ്റിനെ എതിർക്കുന്നു. ക്ഷേമപെൻഷൻ വർധിപ്പിക്കുമെന്ന വാഗ്ദാനം നടപ്പാക്കാത്തതും പി.എം.ശ്രീ പദ്ധതി, വാഹന മോഡിഫിക്കേഷൻ എന്നിവ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാത്തതും അപലപനീയമാണ്. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും കോർപ്പറേറ്റുകളെ സഹായിക്കുന്നതുമായ ബജറ്റാണിത്.

ശ്രീ. എം. ആർ. ബൈജു: ബജറ്റിനെ അനുകൂലിക്കുന്നു. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക നൽകുന്നതിനും പദ്ധതി നടപ്പാക്കുന്നതിനുമായി ബജറ്റിൽ 100 കോടി രൂപ

വകയിരുത്തിയതും മലയിൻകീഴിൽ ബഡ്സ് സ്കൂൾ ആരംഭിക്കാൻ തുക അനുവദിച്ചതും അഭിനന്ദനാർഹമാണ്. ത്രിതല പഞ്ചായത്ത് അംഗങ്ങൾക്കുള്ള ഓണറേറിയം സർക്കാർ സർവീസിലുള്ളവർക്ക് ലഭിക്കുന്ന മിനിമം ശമ്പളത്തിന് തുല്യമാക്കുകയും അവർക്ക് പെൻഷൻ അനുവദിക്കുകയും ചെയ്യണം. പ്രാദേശിക പത്രപ്രവർത്തകർക്ക് പെൻഷൻ അനുവദിക്കണം. കാട്ടാക്കട-വെള്ളറട-അമ്പൂരി റോഡിലെ കവലകളുടെ നവീകരണത്തിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. കാസിം: ബജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരവും യാഥാർഥ്യബോധവുമുള്ള ബജറ്റാണിത്. മലയോര മേഖലയിലെ വന്യമൃഗശല്യം ഒഴിവാക്കുന്നതിനുള്ള ക്രിയാത്മക നിർദേശങ്ങളും പൊതുമരാമത്ത്-വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പ്രഖ്യാപനങ്ങളും സ്വാഗതാർഹമാണ്. തിരുവമ്പാടി മണ്ഡലത്തിൽ ടൂറിസം സർക്യൂട്ട് അനുവദിച്ചതും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചതും ശ്ലാഘനീയമാണ്.

ശ്രീ. ദീപക് ജോയ്: ബജറ്റിനെ അനുകൂലിക്കുന്നു. നികുതി സംവിധാനം കാര്യക്ഷമമാക്കുന്നതിനും കിഫ്ബിയുടെ പ്രവർത്തനരീതി പരിഷ്കരിക്കുന്നതിനുമുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്. മിഷൻ സമുദ്ര, സതേൺ കേരള ഇക്കണോമിക് കോറിഡോർ, ഏവിയേഷൻ ഹബ്ബ്, ഇൻവെസ്റ്റ് കേരളം, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, വൺ കേരള കരുതൽ മിഷൻ, സ്പേസ് ഇക്കോണമി, കേരള നോളജ് വാലി, ഗ്ലോബൽ ജോബ് വാച്ച് ടവർ, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, ചിത്രനഗരം തുടങ്ങിയ പദ്ധതികൾ പ്രതീക്ഷാനിർഭരമാണ്. കൃഷി-മൃഗസംരക്ഷണ മേഖലകളിലെ പ്രഖ്യാപനങ്ങളും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നിർദേശങ്ങളും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ്, മിഠായി എന്നീ പദ്ധതികളും പ്രശംസനീയമാണ്. റബ്ബർ താങ്ങുവില

ഉയർത്തൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് യഥാസമയം ലഭ്യമാക്കൽ തുടങ്ങിയ പ്രഖ്യാപനങ്ങൾ സമഗ്ര വികസനത്തിന്റെ നേർകാഴ്ചകളാണ്. വൈറ്റില മൊബിലിറ്റി ഹബ്ബ് മുതൽ ഏരൂർ വരെയുള്ള റോഡിന്റെ വികസനത്തിനും എസ്.എൻ. ജങ്ഷൻ മുതൽ പൂത്തോട്ട റോഡ് വരെയുള്ള വൈക്കം റോഡ് നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിനും കൂടുതൽ തുക അനുവദിക്കാനും കൊച്ചി നഗരത്തിലെ  കുടിവെള്ള ക്ഷാമം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കാരായി രാജൻ: ബജറ്റിനെ എതിർക്കുന്നു. കോർപറേറ്റ് താല്പര്യങ്ങൾ സംരക്ഷിക്കുന്ന ബജറ്റാണിത്. മിഷൻ സമുദ്ര, പോർട്ട് സിറ്റി തുടങ്ങിയ ബജറ്റ് പ്രഖ്യാപനങ്ങൾ തീരദേശ ജനത ആശങ്കയിലാക്കിയിരിക്കുകയാണ്. കിഫ്ബിയെ നിഷ്കാസനം ചെയ്യുന്നതിലൂടെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ അവതാളത്തിലാകും.

ശ്രീ. സുമേഷ് അച്ചുതൻ: ബജറ്റിനെ അനുകൂലിക്കുന്നു. യുവജനങ്ങളുടെ അഭിരുചികളും തൊഴിൽ സംരംഭകത്വ സാധ്യതകളും മുന്നിൽക്കണ്ടുകൊണ്ടുള്ള ഭാവികേരളത്തിന്റെ വികസന രേഖയാണ് ഈ ബജറ്റ്. സമസ്ത മേഖലകളിലുമുള്ളവരുടെയും പ്രതീക്ഷകൾക്ക് കരുത്തേകുന്ന പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കി ചിറ്റൂരിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: ബജറ്റിനെ അനുകൂലിക്കുന്നു. മിഷൻ സമുദ്ര പദ്ധതി, കേരള നോളജ് വാലി, ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ പ്രഖ്യാപനങ്ങൾ ശ്രദ്ധേയമാണ്.  നെല്ല് സംഭരണ പ്രക്രിയയിൽ കാലോചിതമായ മാറ്റം വരുത്തണം. കാൻസർ പ്രതിരോധ പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിക്കുന്നത് ശ്ലാഘനീയമാണ്.  ഇൻവെസ്റ്റ് കേരളം സെൽ ആരംഭിക്കുന്നതിലൂടെ യുവാക്കളുടെ കഴിവും പ്രതിഭയും സംസ്ഥാനത്തിന്റെ വികസനത്തിനായി  പ്രയോജനപ്പെടുത്താൻ സാധിക്കും.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനും മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനും തുക വകയിരുത്തിയ നടപടി പ്രശംസനീയമാണ്. ടെക്നോളജി വികസനത്തിനായി 50 കോടി രൂപ വകയിരുത്തിയതും കാമ്പസുകളിൽ റാഗിങ് തടയാൻ സിദ്ധാർഥൻ ആന്റി റാഗിങ് ആൻഡ് സ്റ്റുഡന്റ് വെൽഫെയർ ആക്ട് നടപ്പാക്കുന്നതും സ്വാഗതാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർധിപ്പിക്കുന്നതിനും സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നവർ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് വായ്പ തിരിച്ചടവിൽ ഇളവനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ബജറ്റിനെ അനുകൂലിക്കുന്നു. നവകേരള നിർമ്മിതിക്ക് ഊർജം പകരുന്ന ബജറ്റാണിത്. കിഫ്ബിയുടെ പ്രവർത്തനം സി. ആൻഡ് എ.ജി.-യുടെ ഓഡിറ്റിന് വിധേയമാക്കുകയും വരുമാനദായക പദ്ധതികൾ നടപ്പിലാക്കുകയും പദ്ധതികൾ അനുവദിക്കുന്നതിൽ സുതാര്യത ഉറപ്പാക്കുകയും ചെയ്യണം. ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ അനുമതിയും ഫണ്ട് വിതരണവും സുതാര്യമാക്കുന്നതിനായി ഓൺലൈൻ ഡാഷ് ബോർഡ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിക്കുകയും ഡിജിറ്റലൈസേഷൻ നടപ്പാക്കുകയും ചെയ്യണം. ലോക മാതൃകകൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തെ വ്യാവസായിക-സാമ്പത്തിക രംഗത്ത് വികസനം കൊണ്ടുവരാനും കോൺക്ലേവ് നടത്തി ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ പരിഷ്കരിക്കാനും കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കാനും നടപടി സ്വീകരിക്കണം. കോട്ടക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ്, വളാഞ്ചേരിയിലെ ഫയർ സ്റ്റേഷൻ, കൈതക്കടവ് പാലം തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കണം.

<u>ശ്രീ. വി. ജോയി</u>: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം നേടിയെടുക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടികജാതി-പട്ടികവർഗ-മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെയും പൊതുവിദ്യാഭ്യാസ-ഗ്രാമീണ-പരമ്പരാഗത മേഖലകളിലെയും പദ്ധതി വിഹിതം വെട്ടിക്കുറച്ച നടപടിയും വീര്യംകുറഞ്ഞ മദ്യത്തിന് നികുതി ഇളവ് പ്രഖ്യാപിച്ചതും വിപണി ഇടപെടലിന് ആവശ്യമായ തുക വകയിരുത്താത്തതും അപലപനീയമാണ്. മിഷൻ സമുദ്ര പദ്ധതി സംബന്ധിച്ച് വ്യക്തമാക്കുകയും വന്യജീവി ആക്രമണം തടയാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. മുൻ സർക്കാർ നടപ്പാക്കിയ സ്ത്രീ സുരക്ഷ പെൻഷൻ പദ്ധതി നിർത്തലാക്കിയതും എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കാത്തതും ഖേദകരമാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും പകരുന്ന ബജറ്റാണിത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലുള്ള സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഇന്ദിരാ ഗാരന്റി നടപ്പാക്കുന്നതിലൂടെ വ്യക്തമാകുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഈ ബജറ്റ് ജനങ്ങൾക്കുമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്നില്ലെന്നത് ആശ്വാസകരമാണ്. പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്കുവേണ്ടി ബജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മിഷൻ സമുദ്ര, കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര, ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികളുടെ പ്രഖ്യാപനം പ്രശംസനീയമാണ്. റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കി വർധിപ്പിക്കാനും വിവിധതരം കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാനും വന്യമൃഗശല്യം തടയുന്നതിനുമുള്ള

പദ്ധതികൾ ശ്ലാഘനീയമാണ്. കാർഷിക മേഖലയിൽ വനിതകളുടെ ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുള്ള 'കൃഷി സഖി - വനിതാ കർഷക വികസന പരിപാടി' സർക്കാരിന്റെ പുതിയ കാഴ്ചപ്പാടാണ് വ്യക്തമാക്കുന്നത്. നാളികേരത്തിന്റെ താങ്ങുവില അറുപത് രൂപയാക്കിയും എല്ലാ പഞ്ചായത്തുകളിലും കൃഷിഭവൻ മുഖേന നാളികേരം സംഭരിക്കാനുള്ള സംവിധാനമൊരുക്കിയും നാളികേര കർഷകർ നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സർക്കാർ മുൻഗണന നൽകണം. മലയോര മേഖലയിലെ കർഷകർക്ക് ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡം പുനഃപരിശോധിച്ച് കാലോചിതമായ മാറ്റം വരുത്തണം. കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

(സഭ വൈകുന്നേരം 4.13-ന് പിരിഞ്ഞു.)

* * * * *